"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ് - 2026-27 സാമ്പത്തിക വർഷത്തെ കൺസ്യൂമർ വെൽഫയർ കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

G.O.(Rt)No.49/2026/CAD തീയതി,തിരുവനന്തപുരം, 24-08-2026

---

പരാമർശം:- 1. 23-07-2026 - ലെ ഉപഭോക്തൃക്ഷേമനിധി കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിറ്റ്സ്.

2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 30-07-2026 തീയതിയിലെ CCS/4315/2026-CA2 (2) നമ്പർ കത്ത്

<u>ഉത്തരവ്</u>

2026-27 സാമ്പത്തികവർഷം 3 കോടി രൂപയുടെ ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം കേരള കൺസ്യൂമർ വെൽഫയർ കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗം അംഗീകാരം നൽകിയിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ 15 ഇനങ്ങളിലുള്ള പ്രവർത്തനങ്ങൾക്കായുള്ള 3 കോടി രൂപയുടെ സമഗ്ര ഭരണാനുമതി, 2026-27 സാമ്പത്തിക വർഷത്തെ 3456-00-104-99 (NP) (V) എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതമായ 80,52,000/- (എൺപതു ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയിൽ പരിമിതപ്പെടുത്തി ചെലവഴിക്കണമെന്ന നിബന്ധനയോടെ ലഭ്യമാക്കണമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപഭോക്തൃ ബോധവൽക്കരണത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2026-27 സാമ്പത്തിക വർഷത്തെ 3456-00-104-99 (NP) (V) എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതമായ 80,52,000/- (എൺപതു ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയിൽ പരിമിതപ്പെടുത്തി ചെലവഴിക്കണമെന്ന നിബന്ധനയോടെ ചുവടെ പറയുന്ന 15 ഇനങ്ങളിലുള്ള പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ചെലവഴിക്കുന്നതിന്റെ വിശദമായ കണക്കുകൾ പൊതുവിതരണ കമ്മീഷണർ അടുത്ത ഗവേർണിംഗ് ബോഡിക്ക് മുൻപായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

| ക്രമ | ഘടക ഇനം | തുക |
|---|---|---|

| നം. | | |
|---|---|---|
| 1 | ഉപഭോക്തൃസന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം | 15,00,000/- |
| 2 | സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കുള്ള ഗ്രാന്റ് /ധനസഹായം | 50,00,000/- |
| 3 | എക്സിബിഷനുകൾ/വിവിധ ഉപഭോക്തൃ ദിനാ ഘോഷങ്ങൾ/മറ്റു ഉപഭോക്തൃബോധവത്ക്കരണ ചടങ്ങുകൾ | 30,00,000/- |
| 4 | ഉപഭോക്തൃബോധവത്ക്കരണ വാഹനത്തിന്റെ ഇന്ധന ചെലവുകൾ/അറ്റകുറ്റപ്പണികൾ/നികുതി/ഇൻഷ്വറൻസ്/ മറ്റ് ചെലവുകൾ | 10,00,000/- |
| 5 | വിവിധ സോഷ്യൽ മീഡിയകളിലൂടെയുള്ള ഉപഭോക്തൃബോധവത്ക്കരണ ചെലവുകൾ,സോഷ്യൽ മീഡിയ ലാബ് അടിസ്ഥാന സൗകര്യ വികസനം (Production & propagation of online promotion materials,Remuneration of Designer) | 20,00,000/- |
| 6 | രാജീവ്ഗാന്ധി അവാർഡ് / മറ്റു അവാർഡ്ദാന ചടങ്ങുകൾ | 5,00,000/- |
| 7 | റേഡിയോ എഫ്.എം./AIR/ കമ്യൂണിറ്റി റേഡിയോ വഴിയുള്ള പരസ്യം / സന്ദേശം/ജിങ്കിൾസ് | 20,00,000/- |
| 8 | പ്രസിദ്ധീകരണങ്ങൾ, മാധ്യമ പരസ്യങ്ങൾ (ദിനപത്രങ്ങൾ, മാസികകൾ, സുവനീറുകൾ etc.) | 10,00,000/- |
| 9 | പരസ്യ ചിത്ര നിർമ്മാണം, പ്രാദേശിക ചാനലുകൾ ഉൾപ്പെടെയുള്ള ടി വി. ചാനലുകൾ, ബസ്, റെയിൽവേ സ്റ്റേഷനുകളിലെ ഡിസ്പ്ളെ,ഓഡിയോ ജിങ്കിൾസ്, പൊതുസ്ഥലങ്ങളിലെ വീഡിയോ ഡിജിറ്റൽ ഡിസ്പ്ളെ ബോർഡുകൾ എന്നിവയിലൂടെയുള്ള സംപ്രേഷണവും പ്രദർശനവും, സിനിമാ തീയേറ്ററുകളിൽ പരസ്യ ചിത്രങ്ങളുടെ പ്രദർശനം | 39,00,000/- |
| 10 | [illegible] | 20,00,000/ |

| | | |
|---|---|---|
| 10 | ഉപഭോക്തൃ കേരളം (ത്രൈമാസിക മാഗസിൻ ) 3 പതിപ്പുകൾ (പ്രൊഡക്ഷൻ & പ്രിന്റിങ് ) | 20,00,000/- |
| 11 | പോസ്റ്റർ/ ബുക്ക് ലെറ്റ് / പ്ലെയറുകൾ /സ്റ്റിക്കറുകൾ /ലഘുലേഖകൾ, എന്നിവയുടെ നിർമ്മാണവും വിതരണവും | 20,00,000/- |
| 12 | മീഡിയേഷൻ സെല്ലിന്റെ പ്രവർത്തനച്ചെലവ് | 50,00,000/- |
| 13 | മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികളുടെ രജിസ്ട്രേഷൻ അനുബന്ധ നടപടികൾക്കുള്ള വെബ്സൈറ്റ് അപ്ഡേഷൻ, മീറ്റിങ്, സെമിനാർ ചെലവുകൾ | 1,00,000/- |
| 14 | കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലിന്റെ പ്രവർത്തന ചെലവ് | 5,00,000/- |
| 15 | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡണ്ട്, ജുഡീഷ്യൽ അംഗങ്ങൾ എന്നിവർക്കു വിവിധ ഉപഭോക്തൃ സംബന്ധിയായ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള യാത്ര ബത്ത, വാഹനത്തിന്റെ ചെലവ്, വാഹന അറ്റകുറ്റപ്പണികൾ, മറ്റു ചെലവുകൾ | 5,00,000/- |
| | ആകെ | 3,00,00,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRASANTH G S

UNDER SECRETARY

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി. (ഫയൽ നം.സി.എ 3/118/2026-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ